Thanal
Daya Rehabilitation Trust

നമ്മുടെ സ്നേഹത്തിന്റെയും...
കാരുണ്യത്തിന്റെയും
കരുതലും തലോടലും
അർഹിക്കുന്നവരുടെ കൂടെ...
നമുക്കൊത്തൊരുമിക്കാം...

വേദനിക്കുന്ന മനുഷ്യൻ ആരുതന്നെയായാലും, അനാഥത്വം പേറുന്നവരായാലും കുട്ടികളായാലും, രോഗികളായാലും ഇത്തരം മനുഷ്യർക്ക് വേണ്ടി കരുണയുടെ വാതിൽ തുറന്നിടുന്ന സേവന പ്രവർത്തനങ്ങൾക്ക് പൊതുസമൂഹം നൽകിയ പേരാണ് 'തണൽ'

കൈകോർത്ത് പിടിക്കാം
അശരണർക്ക് തണലൊരുക്കാം.

www.thanalkannur.com

അഗതി മന്ദിരങ്ങൾ

തിരിച്ചു ചെല്ലാൻ വീടില്ലാത്തവർക്കും കാത്തിരിക്കാൻ ആരോരുമില്ലാത്തവരുമായ മനുഷ്യർ, രോഗം ഒറ്റപ്പെടുത്തിയവർ, തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവർ ഇത്തരക്കാർക്കായി തണൽ അഗതി മന്ദിരങ്ങൾ ഇന്ന് സംസ്ഥാനത്ത് ഒട്ടേറെയുണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ അഗതി മന്ദിരങ്ങൾ എന്ന ആശയം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത് തണലിന് അവകാശപ്പെടാവുന്ന ഒന്നാണ്.
കുറുവ സ്നേഹവീട്ടിൽ 150 പുരുഷന്മാരും പടന്നപ്പാലം തണൽ വീട്ടിൽ 50 സ്ത്രീകളും അന്തേവാസികളായി കഴിയുന്നുണ്ട്.

തണൽ ഡയാലിസിസ് സെന്ററുകൾ

ചികിത്സയുടെ ഭാരവും വഴിമുട്ടുന്ന ദൈനംദിന ജീവിതവും കൂടിയാകുമ്പോൾ വീടിന്റെ അകം നിറയെ സങ്കടമാവും ബാക്കിയാവുക വൃക്കരോഗം പോലെ ആജീവനാന്തം വലിയ തുക ചിലവാക്കേണ്ടിവരുന്ന കുടുംബം അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഇവയ്ക്ക് പരിഹാരമായി കണ്ണൂർ ജില്ലയിൽ പടന്നപ്പാലത്തും കാഞ്ഞിരോടുമായുള്ള തണൽ ഡയാലിസിസ് സെന്ററുകളിൽ 34 ഡയാലിസിസ് മിഷനുകളോടെ 145 പേർ ഡയാലിസിസ് ചെയ്തുവരുന്നു. ഒരു മാസം 2117 ഡയാലിസിസുകൾ ഈ സെന്ററുകളിൽ നടന്നുവരുന്നുണ്ട്.

SUPER SPECIALITY
Thanal EiC
EARLY INTERVENTION CENTRE

സൂപ്പർ സ്പെഷാലിറ്റി ഏർലി ഇന്റർവെൻഷൻ സെന്റർ

ജനിച്ച ഉടനെ വളർച്ചാപ്രശ്നങ്ങൾ ഉള്ള കുട്ടികൾക്ക് നേരത്തെയുള്ള ഇടപാടുകളിലൂടെ അവരുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള സേവനങ്ങൾക്കാണ് Early Intervention അഥവാ നേരത്തെയുള്ള ഇടപെടൽ എന്ന് പറയുന്നത്. ഈ സേവനങ്ങളാണ് തണൽ Early Intervention Centre ൽ ചെയ്തുവരുന്നത്.

EARLY INTERVENTION SERVICES

- Developmental Screening
- Child Psychology
- Behaviour Modification
- Physiotherapy
- Occupational Therapy
- Speech Therapy
- Audiological Evaluations
- Special Education
- ADL Training
- Parental Counselling
- Sensory Integration Therapy
- Group Therapy
- Hydrotherapy
- Audiology

FACILITIES

Integrated Therapy Unit • Most Advanced Sensory • Integration Unit • Aquatic Therapy Unit
Virtual Reality Unit • 3D Immersive • Interactive Room • Hearing Tests • Preparatory Classrooms

സ്കൂൾ ഫോർ ഡിഫറന്റ്ലി ഏബിൾഡ് കാഞ്ഞിരോട്

നിലവിൽ 200 ൽപരം കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകി വരുന്നു. ഇതിനോടൊപ്പം വിവിധ തെറാപ്പികൾ, വൊക്കേഷണൽ ട്രെയിനിംഗ് എന്നിവയും നൽകുന്നു. 18 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് വരുമാന മാർഗ്ഗം കണ്ടെത്തിനൽകുക എന്ന ഉദ്ദേശത്തോടെ വൊക്കേഷണൽ ട്രെയിനിംഗ് എന്ന വിഭാഗവും ഇവിടെ പ്രവർത്തിച്ചുവരുന്നു.

തണൽ ഫോസ്റ്റർ കെയർ

മാതാപിതാക്കൾ മരണപ്പെട്ടവരും അവരുടെ ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിചരണവും സംരക്ഷണവും തണൽ ഏറ്റെടുക്കുന്നു.

MediShade
FREE MEDICINE DISTRIBUTION

തണൽ മെഡിഷേയ്ഡ്

അർഹരായവർക്ക് താൽക്കാലികമായ ആശ്വാസമെന്നോണം തണൽ മരുന്നുകൾ വീട്ടിലെത്തിച്ചു നൽകുന്ന പദ്ധതിയാണ് മെഡി ഷേയ്ഡ്. നിലവിൽ 147 ഓളം രോഗികൾക്ക് തണൽ മരുന്നു വീട്ടിലെത്തിച്ചു കൊടുക്കുന്നുണ്ട്.

Thanal
Pharmacy
Run by Daya Rehabilitation Trust - Reg No:9/08

തണൽ ഫാർമസി

മരുന്ന് ഉല്പാദിപ്പിക്കുന്ന കമ്പനികളിൽ നിന്നും തണൽ മരുന്ന് നേരിട്ട് വാങ്ങി തുച്ഛമായ വിലക്ക് രോഗികളിലേക്ക് എത്തിക്കുന്ന കണ്ണൂർ തളിപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട് ഇത്തരം മെഡിക്കൽ ഷോപ്പുകൾ ഇനി ജില്ലയുടെ മറ്റ് ഭാഗങ്ങളിലും ആരംഭിക്കേണ്ടതായിട്ടുണ്ട്

TiSE

Thanal institute of skill education

THANAL CENTER FOR DEVELOPMENT EMPLOYABILITY FOR PERSON WITH DISABILITIES & THANAL INSTITUTE OF SKILL EDUCATION

ഭിന്നശേഷിക്കാരുടെ പ്രത്യേകിച്ച് ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ തൊഴിലധിഷ്ടിത പുനരധിവാസം ലക്ഷ്യമാക്കി തണൽ ആരംഭിച്ച പരിശീലനപരിപാടിയാണിത് . കണ്ണൂർ അവേര യിലുള്ള സ്നേഹവീട്ടിൽ നിന്നും ഏകദേശം **40** ഓളം കുട്ടികൾ ഇത്തരം ട്രെയിനിങ്ങ് ലഭിച്ച് വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നുണ്ട്. കൂടാതെ തണൽ കണ്ണൂർ , തണൽ കാഞ്ഞിരോട് എന്നീ സെൻ്ററുകളിലായി **127** കുട്ടികൾക്കുള്ള തൊഴിൽ പരിശീലനം നൽകി വരുന്നു.

CHILD AND WOMEN RESILIENCE (CWR)

ഉത്തരവാദിത്വബോധവും കർമ്മ നൈരന്തര്യവുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് കുടുംബത്തിൽ നിന്നാണെന്ന ആഗ്രഹത്തോടെ കുടുംബ നാഥൻ്റെ അസാന്നിധ്യത്തിൽ ഉണ്ടാവുന്ന പ്രതിസന്ധിയെ തരണം ചെയ്യാൻ അത്തരം കുട്ടികളുടെയും അവരുടെ കുടുംബത്തിൻ്റെയും സമഗ്ര വികസനവും ശാക്തീകരണവും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് (CWR) ജില്ലയിലെ വിവിധ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷനുകളിൽ നിന്നായി 218 കുടുബംഗളുടെ വിഷയങ്ങളിൽ ഇടപെടുന്നുണ്ട്

Thanal® Community Psychiatry

Daya Rehabilitation Trust

തണൽ കമ്മ്യൂണിറ്റി സൈക്യാട്രി

മാനസിക രോഗികളെ പാലിയേറ്റീവ് വളണ്ടിയർമാരുടെ സഹായത്താൽ തണലിൻ്റെ നേതൃത്വത്തിൽ നടക്കുന്ന കമ്മ്യൂണിറ്റി സൈക്യാട്രി ക്ലീനിക്കുകളിൽ എത്തിച്ച് അവർക്ക് ആവശ്യമായ ചികിത്സയും മരുന്നും നൽകുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.
ജില്ലയിൽ പത്തോളം ഇത്തരം ക്ലീനിക്കുകൾ നല്ലനിലയിൽ നടന്നുവരുന്നുണ്ട്.

Thanal
Brain & Spine Medcity
The Complete Neuro Rehab Centre

ബ്രൈയിൻ ആന്റ് സ്പയിൻ മെഡിസിറ്റി കാഞ്ഞിരോട്

വിവിധ അപകടങ്ങളെ തുടർന്ന് നട്ടെല്ലിന് ക്ഷതം സംഭവിച്ചവർക്കും, പക്ഷാഘാതം മൂലം ചലനശേഷി നഷ്ടപ്പെട്ടവർക്കും അത്യന്താധുനിക ചികിത്സാസൗകര്യങ്ങളോട് കൂടിയ കാഞ്ഞിരോടുള്ള ബ്രൈയിൻ ആന്റ് സ്പയിൻ മെഡിസിറ്റി ഇത്തരത്തിൽ ഇന്ത്യയിലെ തന്നെ ഒന്നാംകിട മെഡിക്കൽ സെന്ററാണ്. ലോകോത്തര നിലവാരത്തിലുള്ള റോബോട്ടിക് തെറാപ്പി, റോബോട്ടിക് ഗെയിറ്റ് ട്രയിനർ, ഹൈഡ്രോ തെറാപ്പി എന്നീ സൗകര്യങ്ങളോട് കൂടിയ ബ്രൈയിൻ ആന്റ് സ്പെയിൻ മെഡിസിറ്റി അനേകം രോഗികൾക്ക് ഇതിനകം തന്നെ രോഗമുക്തി നൽകി കഴിഞ്ഞു. കൂടാളി പഞ്ചായത്തിലെ കാഞ്ഞിരോട് പുറവൂരിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഒട്ടനവധി നൂതന ചികിത്സാ സംവിധാനങ്ങളോടു കൂടിയ കെട്ടിടങ്ങൾ പൂർത്തീകരണാവസ്ഥയിലാണ്. കേരളത്തിന്നകത്തും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഒട്ടേറെ രോഗികൾ ഇവിടത്തെ സൗകര്യങ്ങൾ കേട്ടറിഞ്ഞ് ദൈനംദിനമെന്നോണം സെന്ററിൽ എത്തുന്നുണ്ട്. രോഗവസ്ഥയുടെ ഗൗരവവും പരിചരണവും കണക്കിലെടുത്ത് കിടത്തി ചികിത്സയും ഭക്ഷണവും നൽകിയിട്ടുള്ള ചികിത്സ സൗജന്യനിരക്കിലും, പാവപ്പെട്ടവർക്ക് സൗജന്യമായും നൽകുന്നൂ എന്നത് സാധാരണക്കാരെ സംബന്ധിച്ച് വലിയ ആശ്വാസം നൽകുന്നതാണ്.

Step Up
Mobile Therapy Service for Children with Special Needs

സ്റ്റെപ്പ് അപ്പ്

തണലിന്റെ ആഭിമുഖ്യത്തിൽ തീർത്തും കിടപ്പിലായ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വീട്ടിലെത്തി സൗജന്യ ഫിസിയോതെറാപ്പി നൽകുന്ന പദ്ധതിയാണ് സ്റ്റെപ്പ് അപ്പ്.

തണൽ പെയിൻ & പാലിയേറ്റീവ്

ഡോക്ടറും നഴ്സും വളണ്ടിയർമാരും അടങ്ങുന്ന സംഘം രോഗികളുടെ വീട്ടിലെത്തി പരിചരണം നൽകുന്ന പദ്ധതിയാണ് പെയിൻ ആന്റ് പാലിയേറ്റീവ്. പരിചരണത്തോടൊപ്പം രോഗികൾക്ക് ആവശ്യമായ ശയ്യോപകരണങ്ങൾ അടക്കം മറ്റ് മെഡിക്കൽ ഉപകരണങ്ങളും തണൽ രോഗികളുടെ വീട്ടിലെത്തിക്കുന്നുണ്ട്.

തണൽ ആംബുലൻസ്

തണൽ അന്തേവാസികളുടേയും പരിസരപ്രദേശത്തുള്ള മറ്റു രോഗികളുടേയും ആവശ്യത്തിനായി തണൽ ആംബുലൻസ് സർവ്വീസ് നടത്തിവരുന്നു.

വാക്കുകൾക്ക് പരിമിതിയുണ്ട്. ചിത്രങ്ങൾക്കും

ഒരിക്കൽ താങ്കൾ ഈ തണലിടങ്ങൾ സന്ദർശിക്കണം. തണലകങ്ങളിലെ ജീവിതങ്ങളോട് കൂടെയുണ്ടെന്ന് പറയണം. നിങ്ങളില്ലെങ്കിൽ മുന്നോട്ടു പോകാനാകില്ല ഞങ്ങൾക്ക് ...
തണലകങ്ങളിലെ മനുഷ്യർക്ക് താങ്ങായി നിങ്ങളുടെ കരസ്പർശം ഉണ്ടാകണം....
അന്നമായും വസ്ത്രമായും സമ്പത്തായും പൂർത്തിയാക്കേണ്ട പദ്ധതികളും ഒരായിരം സ്വപ്നങ്ങളുമായി തണൽ നിങ്ങളിലേക്ക് കരം നീട്ടുന്നു.
നിങ്ങൾ സ്വന്തം പോലെ ചേർത്തുപിടിക്കുമെന്ന ഉറപ്പോടെ...

G Pay
No.8891105210

8891105210@okbizaxis

PhonePe

KANNUR
DAYA REHABILITATION TRUST
A/c No: 916010065585130

Ifsc code: UTIB0000159,
Axis Bank, Kannur branch, 670 001.
For foreign remittance
swift code: AXISINBBA18.

* Donations are eligible for deduction under Section 80 G of IT act 1961 vide C No. Tech - 31' 80G/20/CIT- CLT/2002, of the commission er of Income Tax, Calicut (PAN AABTD4475H)*

www.thanalkannur.com

DESCRIPTION	PER MONTH EXPENSES (Per Head)	ANNUAL EXPENSES (Per Head)	TOTAL NUMBER OF BENEFICIARIES
RESIDENTS (MALE & FEMALE)	7,000	84,000	200
THERAPY FOR DIFFERENTLY ABLED CHILDREN	4,000	48,000	270
SCHOOL FOR DIFFERENTLY ABLED CHILDREN	3,000	36,000	147
DIFFERENTLY ABLED CARE PROJECT	10,000	1,20,000	20
DIALYSIS	12,000	1,44,000	145
MEDICINE DISTRIBUTION	2,500	30,000	147

Thanal
Daya Rehabilitation Trust
PADANNAPALAM
Chalad post, Kannur District
Kerala, Pin code:670014
T : 0497 270 8118, 8891 105 210

സ്നേഹവീട്
Snehaveedu
Post Kadalayi, Avera
Kannur 670003
T : +91 8089 358 282, 9061 358 272

Thanal
Daya Rehabilitation Trust
KANHIRODE
Puravoor, Near kudukkimotta
PO Koodali, Kannur
T : +91 8606 950 001, 9539 624 493

Thanal Brain & Spine Medcity
The Complete Neuro Rehab Centre
Puravoor, Near Kudukkimotta
P.O. Koodali, Kanjirode
Kannur-670 592
T : 86069 50002

Thanal SUPER SPECIALITY EiC
EARLY INTERVENTION CENTRE
6th Floor, Capitol Mall
Thana, Kannur 670012
Tel: +91 9947 88 56 66
email: eickannur@thanal.org.in
www.thanal.org.in